# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1402 | 11.06.2019-ന് മറുപടിയ്ക്ക് |
|---|---|

## ക്ലളിമാട് പാലം

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ ക്ലളിമാട് പാലം നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലയിൽപ്പെട്ട സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം പൂർണ്ണമായി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്ഥല ഉടമകൾ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പതിനാറ് സ്ഥല ഉടമകൾ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് കോടതിയെ സമീപിച്ചിട്ടുണ്ട്. |
| (സി) | പാലത്തിന്റെ മലപ്പുറം ജില്ലയിലെ ഭൂമിയ്ക്ക് കളക്ടർ നിശ്ചയിച്ച വിലക്ക് സ്ഥലം നൽകാമെന്ന് ഭൂ ഉടമകൾ സമ്മതപത്രം നൽകിയിട്ടുണ്ടോ; | (സി) യും (ഡി) യും | 1894-ലെ എൽ.എ നിയമപ്രകാരം ക്ലളിമാട് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 17/03/2015-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന DLPC യോഗത്തിൽ നിശ്ചയിച്ച വിലയ്ക്ക് സ്ഥലം വിട്ടുനൽകുന്നതിന് എല്ലാ ഭൂവുടമകളും സമ്മതപത്രം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിച്ച് 17/06/2015-ലെ സ.ഉ (സാധ) 3063/2015/റവ പ്രകാരം സ്ഥലവില അംഗീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാകാത്തതിനാൽ 12/07/2016-ന് മേൽ പദ്ധതി കാലഹരണപ്പെട്ടിരുന്നു.<br><br>തുടർന്ന് മലപ്പുറം ജില്ലയിലെ ക്ലളിമാട് പാലം നിർമ്മാണത്തിനായി ഡയറക്ട് പർച്ചേസ് മുഖേന സ്ഥലമേറ്റെടുക്കുന്നതിന് 15/03/2019-ലെ സ.ഉ (സാധാ) നം. |
| (ഡി) | ഒരിക്കൽ സ്റ്റേറ്റ് ലവൽ കമ്മിറ്റി വില അംഗീകരിച്ച് നൽകുകയും ആയത് ഭൂ ഉടമകൾ സമ്മതിക്കുകയും ചെയ്ത സ്ഥിതിക്ക് അത് പുനഃപരിശോധിക്കാനും പുനഃപരിശോധിച്ച് നഷ്ടപരിഹാര തുക കുറയ്ക്കാനും കളക്ടർക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 914/2019/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-03-2019-ന് ചേർന്ന DLFC യോഗത്തിൽ പ്രസ്തുത പദ്ധതിക്ക് സ്ഥലം വിട്ടു നൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നല്കിയിട്ടില്ല. ഒരിക്കൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച വില സ്ഥലമേറ്റെടുപ്പ് നടപടികൾ കാലഹരണപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആയത് പുനഃപരിശോധിക്കാനും നഷ്ട പരിഹാരതുക കുറയ്ക്കാനും കളക്ടർക്ക് അധികാരമില്ല.<br>എന്നാൽ പ്രസ്തുത പദ്ധതിക്ക് സ്ഥലം വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ എൽ.എ. ആർ.ആർ ആക്ട്, 2013 പ്രകാരം സ്ഥല മേറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ